# പുര കത്തുമ്പോൾ വാഴ വെട്ടി

## തീരദേശ നിയന്ത്രണ വിജ്ഞാപനത്തില് വീണ്ടും ഭേദഗതി


തീരമേഖലാ പദ്ധതി: സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം

ന്യൂഡൽഹി ● പദ്ധതികൾക്ക് അനുമതി നൽകുന്നതു സംബന്ധിച്ചു സംസ്ഥാനങ്ങൾക്കു കൂടുതൽ അധികാരം നൽകി തീരമേഖലാ നിയന്ത്രണ (സിആർസെഡ്) വിജ്ഞാപനം ഭേദഗതി ചെയ്തു. അനുമതി സംബന്ധിച്ച നടപടികളുടെ കാലതാമസം ഒഴിവാക്കാനാണു നടപടിയെന്ന് പരിസ്ഥിതി മന്ത്രാലയ വൃത്തങ്ങൾ പറഞ്ഞു.

സിആർസെഡ്-2ൽ അനുവദനീയമായതും 20,000 ചതുരശ്ര മീറ്ററിൽ കൂടുതൽ നിർമാണമുള്ളതുമായ പദ്ധതികൾക്കുള്ള അപേക്ഷകൾ സംസ്ഥാനത്തു തീർപ്പാക്കാമെന്നാണു പ്രധാന ഭേദഗതി. തീരദേശ മാനേജ്മെന്റ് അതോറിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാവും നടപടി.

പരിസ്ഥിതി ആഘാത വിലയിരുത്തൽ വിജ്ഞാപനത്തിന്റെ (2006) പരിധിയിൽപ്പെടാത്ത പദ്ധതികൾക്കു പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വേണം എന്ന വ്യവസ്ഥ, വിജ്ഞാപനത്തിലെ 'എ' ഗണത്തിൽ പെടുന്ന പദ്ധതികൾക്കു മാത്രം അനുമതി വേണം എന്നു ഭേദഗതി ചെയ്തു.

ഇരുപതിനായിരം മീറ്റര് സ്കചയര് നു മുകളില് വരുന്ന കെട്ടിടങ്ങളുടെ നിർമ്മാണാനുമതി നൽകുന്നതിനുള്ള അധികാരം ഇനി മുതൽ സംസ്ഥാന സർക്കാരുകൾക്ക് നൽകി സി ആർ ഇസഡ് വിജ്ഞാപനം ഭേദഗതി ചെയ്തുവെന്ന് പത്ര വാർത്ത വന്നപ്പോള് തീരപ്രദേശത്ത് താമസിക്കുന്ന സാധാരണ ജനം സന്തോഷിച്ചു. ആകെയുള്ള തുണ്ട് ഭൂമിയിലെ വീട് നന്നാക്കി പണിയുന്നതിനും അടുത്ത തലമുറയ്ക്ക് പുതിയ വീട് പണിയുന്നതിനും ഇനി അനുവാദം ലഭിക്കുമല്ലോ എന്ന് അവര് കരുതി. ഇരുപതിനായിരം മീറ്റർ സ്കചയര് പോയിട്ട് 200 മീറ്റര് സ്കചയര് പണിക്കു അനുമതിയെങ്കിലും കിട്ടിയാല് അവർക്ക് ധാരാളം.പക്ഷെ വാർത്ത കണ്ടു പഞ്ചായത്ത് ഓഫീസില് ചെന്നപ്പോഴാണ് കാര്യം മനസ്സിലായത്. അത് സാധാരണക്കാരന്റെ ഭാവന നിർമ്മാണത്തിന് വേണ്ടിയുള്ള ഭേധഗതിയല്ല; അതിനിനിയും വേണം സമരം.





മുൻപും ഇരുപതിനായിരം മീറ്റർ സ്കചയര് നു താഴെയുള്ള നിർമ്മാണത്തിന് അനുമതി നൽകാന് സംസ്ഥാന സർക്കാരിനു അധികാരമുണ്ടായിരുന്നു. പക്ഷെ അത്തരം അനുമതികളുടെ കൂട്ടത്തില് സാധാരണക്കാരന്റെ വീടുകളൊന്നും ഉള്പ്പെടില്ലയെന്നു മാത്രം.

വർഷങ്ങളായി ഈ നിയമത്തില് ഭവനനിർമ്മാണത്തിന് ഇളവു നൽകണമെന്ന് ആവശ്യപ്പെടുന്നുവെങ്കിലും അത് കേൾക്കാന് കൂട്ടാക്കാത്ത കേന്ദ്ര സർക്കാര് എന്തായാലും 20000 മീറ്റർ സ്കചയര് നു മുകളില് നിർമ്മാണം നടത്താനുള്ള സമ്പന്ന ദരിദ്രരുടെ കാര്യം ഒന്നുകൂടി എളുപ്പമാക്കി. ഇനി അവർക്ക് നിർമ്മാണത്തിനു അനുവാദം വാങ്ങാൻ ഡൽഹിയില് പോകേണ്ട, തിരുവനന്തപുരത്ത് പോയാല് മതി.

നിയമത്തിൽ ഭവനനിർമ്മാണത്തിന് ഇളവു നൽകണമെന്ന് ആവശ്യപ്പെട്ടു നടക്കുന്ന പ്രതിഷേധങ്ങൾ സർക്കാര് ചെവികൊടുക്കുന്നില്ല എന്ന് പറയാനാകില്ല. നിയമം ഇളവു ചെയ്തല്ലോ. പുര കത്തുമ്പോൾ വാഴ വെട്ടിയാണെങ്കിലും ധനികരായ ദരിദ്രരുടെ പദ്ധതികൾക്ക് അനുവാദം നൽകുന്നതിനുള്ള നടപടികള് ലളിതമാക്കിയല്ലോ .

നിയമദർശി 2015(2)

www.niyamadarsi.com//www.sherryscolumn.com

**Coastal Regulation Zone Notification 2011.**

**4(i)(d)** Construction involving more than 20,000sq mts built-up area in CRZ-II shall be considered in accordance with EIA notification, 2006 and in case of projects less than 20,000sq mts built-up area shall be approved by the concerned State or Union territory Planning authorities in accordance with this notification after obtaining recommendations from the concerned CZMA and prior recommendations of the concern CZMA shall be essential for considering the grant of environmental clearance under EIA notification, 2006 or grant of approval by the relevant planning authority.